# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ:379

13.11.2019-ലെ മറുപടി

### വാട്ടർ അതോറിറ്റിയെ കാലോചിതമായി പരിഷ്കരിക്കുവാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ<br>,, മഞ്ഞളാംകുഴി അലി<br>,, ടി. വി. ഇബ്രാഹിം<br>,, സി.മമ്മൂട്ടി | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികളിലെ അസാധാരണമായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്; റോഡ് കട്ടിംഗിനുള്ള അനുമതി സമയബന്ധിതമായി ലഭ്യമാകാത്തത്, ആവശ്യമായ ഭൂമി ലഭ്യമാകാത്തത് എന്നിവമൂലം ചില പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. കൂടാതെ കരാറുകാർക്ക് ബില്ലുകൾ യഥാസമയം കൊടുക്കാൻ സാധിക്കാത്തതുമൂലവും പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നുണ്ട്. |
| (ബി) | പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതുമൂലം എസ്റ്റിമേറ്റ് തുകയിൽ വലിയ തോതിൽ വർദ്ധനയുണ്ടാവുകയും പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ വരുകയും ചെയ്യുന്ന സ്ഥിതിവിശേഷം പരിഹരിക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതികളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് ചീഫ് സെക്രട്ടറി തലത്തിലും, സെക്രട്ടറി തലത്തിലും റിവ്യൂ മീറ്റിംഗുകൾ നടത്തിവരുന്നു. കൂടാതെ കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ തലത്തിലും, ടെക്നിക്കൽ മെമ്പർ, ചീഫ് എഞ്ചിനീയർ, ഫീൽഡ് ഓഫീസർ എന്നീ തലങ്ങളിലും വിവിധ പദ്ധതികളുടെ വിശദമായ മോണിട്ടറിങ് നടത്തി വരുന്നു. മന്ത്രിതല അവലോകന യോഗങ്ങളും നടത്തി വരുന്നുണ്ട്. |
| (സി) | വാട്ടർ അതോറിറ്റിയെ കാലോചിതമായി പരിഷ്കരിക്കുകയും പദ്ധതികൾ നടപ്പിലാ ക്കുന്നതിൽ കുറ്റമറ്റ ഏജൻസിയാക്കി മാറ്റുകയും ചെയ്യുന്നതിന് ആവശ്യമായ | (സി) | വാട്ടർ അതോറിറ്റിയെ കാലോചിതമായി പരിഷ്കരിക്കുകയും പദ്ധതികൾ നടപ്പിലാക്കുന്നതിൽ കുറ്റമറ്റ ഏജൻസിയാക്കി മാറ്റുകയും ചെയ്യുന്നതിന് കേരള ജല അതോറിറ്റി വിപുലമായ നടപടികൾ |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | | സ്വീകരിച്ചിട്ടുണ്ട്. ശുദ്ധജല വിതരണപദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും അവയുടെ പ്രവർത്തന പുരോഗതികൾ വിവിധതലങ്ങളിൽ വിലയിരുത്തി ഓരോ തലങ്ങളിലും വ്യക്തമായ സമയക്രമം നിശ്ചയിച്ച് പ്രവർത്തിക്കുന്നതിനും നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അതോറിറ്റിയിലെ വിവരസാങ്കേതികവിദ്യാവിഭാഗം കാര്യക്ഷമമാക്കുവാനും ശാക്തീകരിക്കുവാനും നടപടി ആരംഭിച്ചു കഴിഞ്ഞു. |

**സെക്ഷൻ ഓഫീസർ**